www.mosc.in
catholicos@mosc.in

Ph: 0481 - 2574323
2578500

# The Malankara Orthodox Syrian Church

## CATHOLICATE OF THE EAST

**BASELIOS MARTHOMA MATHEWS III**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

**No. MOSC/CMM/95A/2025** **April 25, 2025**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ആദ്ധ്യാത്മീക സംഘടനാ ഭാരവാഹികൾ, വിവിധ പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും ചുമതലക്കാർ, മെത്രാസന സെക്രട്ടറിമാർ എന്നിവർക്ക് വാഴ്‌വ്!

കർത്താവിൽ പ്രിയരെ,

പരിശുദ്ധ സഭയുടെ എല്ലാ മെത്രാസനങ്ങളുടെയും, സ്ഥാപനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും, 01-04-2024 മുതൽ 31-03-2025 വരെയുള്ള കാലയളവിലെ ഓഡിറ്റ് ചെയ്ത കണക്കുകൾ കൺസോളിഡേറ്റ് ചെയ്ത് സർക്കാർ നിശ്ചയിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ ആദായനികുതി നിയമപ്രകാരമുള്ള റിട്ടേൺ സമർപ്പിക്കേണ്ടതാണല്ലോ.

ആയതുകൊണ്ട് പ്രിയന്റെ ചുമതലയിലുള്ള സ്ഥാപനങ്ങളുടെ 2024-25 സാമ്പത്തിക വർഷത്തെ Receipts & Payments Account, Income & Expenditure Account, Balance Sheet, ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അക്കൗണ്ടുകളുടെ detailed schedule എന്നിവ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് **യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, 10 B ഓഡിറ്റ് റിപ്പോർട്ട്** സഹിതം ബന്ധപ്പെട്ട സമിതികളിൽ പാസ്സാക്കി, ഭദ്രാസന തലത്തിൽ കൺസോളിഡേറ്റ് ചെയ്യേണ്ടവ 2025 ജൂൺ ആദ്യവാരം തന്നെ അതാത് ഭദ്രാസന കേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കേണ്ടതും, അവ ഭദ്രാസന കേന്ദ്രത്തിൽ കൺസോളിഡേറ്റ് ചെയ്ത് **2025 ജൂലൈ മാസം ആദ്യവാരം തന്നെ സഭാ കേന്ദ്രത്തിൽ** ലഭിക്കത്തക്കവിധത്തിൽ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിലേക്ക് നിർബ്ബന്ധമായും അയച്ചുതരേണ്ടതുമാണ്. മേൽവിവരിച്ചതിൻപ്രകാരം കണക്കുകൾ നൽകാത്തപക്ഷം ആദായനികുതി സംബന്ധമായി ഉണ്ടാകാവുന്ന എല്ലാ പരാതികൾക്കും അതുവഴി പരിശുദ്ധ സഭയ്ക്കോ, പ്രിയന്റെ സ്ഥാപനത്തിനോ ഉണ്ടാകുന്ന എല്ലാ സാമ്പത്തിക നഷ്ടങ്ങൾക്കും പ്രിയനും പ്രിയന്റെ സ്ഥാപനവും/പ്രസ്ഥാനവും മാത്രം ഉത്തരവാദിയായിരിക്കും എന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

സഭാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടുന്ന കണക്കുകൾ യഥാസമയം സമർപ്പിക്കാത്ത പക്ഷം സഭയിൽ നിന്നുള്ള ഗ്രാന്റുകളോ മറ്റ് ആനുകൂല്യങ്ങളോ മെത്രാസനങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ, പ്രസ്ഥാനങ്ങൾക്കോ ലഭിക്കുകയില്ലാ എന്ന് കൂടി അറിയിക്കുകയാണ്.

കണക്കുകൾ സഭാ കേന്ദ്രത്തിൽ സമർപ്പിക്കുന്നതിന് മുമ്പ് അത് ബന്ധപ്പെട്ട കൗൺസിൽ/സമിതി/ഗവേർണിംഗ് ബോർഡുകൾ/മറ്റ് കമ്മറ്റികൾ ചേർന്ന് പാസ്സാക്കേണ്ടതാണ്. ഈ കല്പനയോടൊപ്പം അയയ്ക്കുന്ന കവറിംഗ് നോട്ട് പൂർണ്ണമായും പൂരിപ്പിച്ച് കണക്കുകളോടൊപ്പം സഭാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. ടി കണക്കുകളുടെ ഫോർമാറ്റും, കവറിംഗ് നോട്ടും സഭയുടെ ഔദ്യോഗിക വെബ് സൈറ്റിൽ (www.mosc.in)ലഭ്യമാണ്.

കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി പരിശുദ്ധ സഭയ്ക്ക് ലഭിച്ചിട്ടുള്ള ആദായനികുതി ഇളവ് സംരക്ഷിക്കത്തക്കവിധത്തിൽ നിർദ്ദിഷ്ട ഫോർമാറ്റിൽ കണക്കുകൾ കൃത്യമായി തയ്യാറാക്കി ചുമതലക്കാരുടെ പേരും ഒപ്പും ബന്ധപ്പെടേണ്ട ഫോൺ നമ്പറും സഹിതം Catholicate Office, Devalokam P.O, Muttambalam, Kottayam - 686 004 എന്ന വിലാസത്തിൽ അയയ്ക്കുന്നതോടൊപ്പം, തയ്യാറാക്കിയ കണക്കുകളുടെ എക്സൽ ഫോർമാറ്റിലുള്ള (Excel Format) സോഫ്റ്റ് കോപ്പി churchaccounts@mosc.in എന്ന E-mail അഡ്രസ്സിൽ അയച്ചുകൊടുക്കുകയും ചെയ്യണം.

ആദായനികുതി ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിന് സമയക്ലിപ്തത പാലിക്കേണ്ടത് എല്ലാ മെത്രാസനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും, സ്ഥാപനങ്ങളുടെയും ചുമതലയാണെന്ന് നാം ഒരിക്കൽകൂടി പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ,

**ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**